19819

"ഭരണഭാഷ – മാതൃഭാഷ"

നം: എം 4/70805/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 04/10/2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി കേരളാ ഘടകത്തിന്റെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:- ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി കേരളാ ഘടകത്തിന്റെ അഡ്മിനിസ്ട്രേറ്റർ കൂടിയായ തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/09/2017 ലെ കത്ത്.

****

ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി കേരളാ ഘടകത്തിന്റെ പേരിൽ ശ്രീ.വി.പി.മുരളീധരൻ, ശ്രീ. സുനിൽ.സി.കുര്യൻ എന്നിവർ നടത്തുന്ന പ്രവർത്തനങ്ങൾ നിയമവിരുദ്ധമായതിനാൽ പ്രസ്തുത വ്യക്തികളുടെ നിർദ്ദേശ പ്രകാരമുള്ള എല്ലാ ജെ.ആർ.സി പ്രവർത്തനങ്ങളും ഉടനടി നിർത്തിവയ്ക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകുവാൻ ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി കേരളാ ഘടകത്തിന്റെ അഡ്മിനിസ്ട്രേറ്റർ കൂടിയായ തിരുവനന്തപുരം ജില്ലാ കളക്ടർ സൂചന കത്തു പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ, ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി കേരളാ ഘടകത്തിന്റെ അഡ്മിനിസ്ട്രേറ്ററായ തിരുവനന്തപുരം ജില്ലാ കളക്ടറുടെയോ വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതുവരെ ജില്ലകളിലെ ജെ.ആർ.സി പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതാണ്. കൂടാതെ ജെ.ആർ.സി പരീക്ഷയുമായി ബന്ധപ്പെട്ട് ഫീസ് പിരിക്കുന്ന നടപടികളും ഉടൻ നിർത്തിവയ്ക്കേണ്ടതാണ്.

JIMMY K. JOSE
Asst. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

പകർപ്പ്

ജില്ലാ കളക്ടർ
തിരുവനന്തപുരം
(കവറിംഗ് ലെറ്റർ ഉൾപ്പെടെ)

DIRECTORATE OF PUBLIC INSTRUCTION THIRUVANANTHAPURAM

Scanned by CamScanner